(ഡി) സർക്കാർ അംഗീകൃത ഉദ്ദേശിത വിലയിൽ നിന്നും താല്കാലിക വില്പന വില കൂടുതലാകുന്നതിന് ഉണ്ടായ കാരണങ്ങൾ താഴെ പറയും പ്രകാരമാണ് :

പാറ്റൂർ ഭവനനിർമ്മാണപദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് സർക്കാർ അംഗീകരിച്ചത് 1994-ലും പദ്ധതിയുടെ നിർമ്മാണം പൂർത്തിയാകുന്നത് 2000-ലുമാണ്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ സമയത്തുള്ള നിർമ്മാണച്ചെലവും ഭൂമിയുടെ വിലയും നിർമ്മാണഘട്ട (2 വർഷം)ത്തിലേയ്ക്കുള്ള പലിശയും ഉൾപ്പെടുത്തിയാണ് അന്ന് വില നിശ്ചയിച്ചിരുന്നത്. പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്ന ടെണ്ടർ പ്രീമിയം, വില വർദ്ധന എന്നിവയേക്കാൾ 10% കൂടിയ ടെണ്ടർ വർദ്ധനയും നിർമ്മാണചെലവിൽമേലുള്ള പലിശയും ഭൂമിയുടെ വിലയ്ക്ക് എൽ.എ.ആർ. കേസ് നടത്തി വകയിൽ നഷ്ടപരിഹാരമായി വലിയൊരു തുക നല്കേണ്ടിവരും. കൂടാതെ ഫ്ളാറ്റുകൾക്ക് ഫയർ ഫൈറ്റിംഗ് സംവിധാനം ഡീസൽ, ജനറേറ്റർ സംവിധാനം എന്നിവ ഏർപ്പെടുത്തിയതും ഫ്ളാറ്റുകളുടെ വില്പന വില കൂടുന്നതിനു കാരണമായി ഫ്ളാറ്റുകളുടെ വില പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡിന്റെ പരിഗണനയിലാണ്.

**ഹൗസിംഗ് ബോർഡിലെ ശ്രീ. കെ. ജയപ്രകാശിനെതിരെ നടപടി**

**80 (1330)** ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹൗസിംഗ് ബോർഡിലെ ആക്കുളം പ്രോജക്റ്റ് ഡിവിഷൻ നമ്പർ മൂന്നിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ജെ. പ്രകാശിനെ നിലവിലുള്ള തസ്തികയിൽ തുടരാൻ നിർദ്ദേശിച്ചുണ്ടായ ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കിയോ ;

(ബി) ആക്കുളം പ്രോജക്റ്റ് ഡിവിഷൻ മൂന്ന് എന്ന സെക്ഷൻ ഹൗസിംഗ് ബോർഡ് നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഉത്തരവ് പുറപ്പെടുവിച്ച തീയതി വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഹൈക്കോടതി ഉത്തരവ് ബോർഡ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി&സി) പ്രോജക്ടിനുവേണ്ടി സ്ഥലം ഗവൺമെന്റിൽ നിന്നും ടെണ്ടർ ചെയ്തു കിട്ടാത്ത സാഹചര്യത്തിൽ പ്രത്യേക പ്രോജക്ട് ഡിവിഷൻ തല്ക്കാലം നിർത്തിവെച്ച് ജനുവരി 18-ാം തീയതി ഉത്തരവ് പുറപ്പെടുവിച്ചു എങ്കിലും 6-1-2000-ലെ കോടതി ഉത്തരവ് ബോർഡിൽ ലഭിച്ച ഉടൻ ടി ഉത്തരവ് തല്ക്കാലത്തേക്ക് തടഞ്ഞുവെച്ചുകൊണ്ട് ജനുവരി 29-ാം തീയതി ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**"സബ്രജിസ്ട്രാർ ഓഫീസുകൾ കംപ്യൂട്ടർവൽക്കരിക്കാനുള്ള നടപടി"**

**81 (1331)** ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly